# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4713 — 14.11.2019 ൽ മറുപടിക്ക്**

**റസ്റ്റ് ഹൗസുകൾ ഉന്നത നിലവാരത്തിൽ പരിപാലിക്കുവാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, ആന്റണി ജോൺ<br>,, യു. ആർ. പ്രദീപ്<br>,, പുരുഷൻ കടലുണ്ടി | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള റസ്റ്റ് ഹൗസുകൾ ഉന്നത നിലവാരത്തിൽ പരിപാലിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റസ്റ്റ് ഹൗസുകളിലെ അടിസ്ഥാന സൗകര്യങ്ങൾ ആധുനിക കാലഘട്ടത്തിനനുസരിച്ച് പരിഷ്കരിച്ചും ഘട്ടം ഘട്ടമായി ഗസ്റ്റ് ഹൗസിന്റെ നിലവാരത്തിൽ ഉയർത്തിക്കൊണ്ടു വരുന്നതിന്റെ ഭാഗമായി നവീകരണ പ്രവൃത്തികളും പുതിയ ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളും ഭരണാനുമതി നൽകുന്ന മുറയ്ക്ക് നടന്നു വരുന്നു. അതിഥി സൗഹൃദ കേന്ദ്രമാക്കി റസ്റ്റ് ഹൗസുകളെ മാറ്റാനുള്ള യജ്ഞത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 12 വിശ്രമമന്ദിരങ്ങളെ മോഡൽ റസ്റ്റ് ഹൗസുകൾ ആക്കാൻ തീരുമാനിക്കുകയും G.O.(Rt) No. 333/2019/PWD dated 02/03/2019 പ്രകാരം 5.52 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പുരോഗതിയിലുമാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞാൽ ഇവയെ മോഡൽ റസ്റ്റ് ഹൗസുകളാക്കി പ്രഖ്യാപിക്കുന്നതുമാണ്. 2019-20 ലെ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി കൂടുതൽ വിശ്രമകേന്ദ്രങ്ങളെ ഇതേ നിലവാരത്തിലേക്ക് കൊണ്ടു വരുന്നതിനായുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.<br>പൊതുജനങ്ങളുടെ സൗകര്യാർത്ഥം ഓൺലൈൻ ബുക്കിംഗ് നടപ്പിലാക്കുവാനുള്ള സർക്കാർ ഉത്തരവ് G.O(MS) No. 25/2019/PWD dated 14/06/2019 പ്രകാരം നിലവിൽ വന്നു. ഇതുപ്രകാരം 15 റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ റിസർവേഷൻ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇവയ്ക്കാവശ്യമായ സോഫ്റ്റ് വെയർ വികസനം പൂർത്തിയാക്കുകയും, ഈ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിന് വേണ്ടി റസ്റ്റ് ഹൗസ് മാനേജർക്കും, ക്ലാർക്ക്, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്ക് ട്രെയിനിംഗ് നൽകിയിട്ടുമുണ്ട്. കൂടാതെ റസ്റ്റ് ഹൗസ് ജീവനക്കാർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകുകയും അവർക്ക് യൂണിഫോമുകൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റസ്റ്റ് ഹൗസുകളിൽ ചുറ്റുമതിൽ, ബോർവെൽ, ബ്യൂട്ടിഫിക്കേഷൻ എന്നിവ നടപ്പിലാക്കി വരുന്നു. മുറികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.<br><br>കൂടാതെ റസ്റ്റ് ഹൗസുകളിൽ Digital EPABX, CCTV, LED TV, Computer, Printer, 600 VA UPS എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ക്യാന്റീൻ സൗകര്യമുള്ള കേന്ദ്രങ്ങളിൽ റസ്റ്റ് ഹൗസ് കാറ്ററിംഗ് സർവ്വീസ് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. |
| (ബി) | റസ്റ്റ് ഹൗസ് ബുക്കിംഗിന് കേന്ദ്രീകൃത ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ; | (ബി) | G.O(MS) No. 25/2019/PWD dated 14/06/2019 പ്രകാരം ഓൺലൈൻ ഫെസിലിറ്റി ഫോർ ബുക്കിംഗ് റൂംസ് എന്ന ഉത്തരവ് നിലവിൽ വന്നു. അതിൻ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 15 റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ് വെയർ വികസനം പൂർത്തിയാക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | നിലവിൽ ലീസിന് നൽകിയിട്ടുള്ള റസ്റ്റ് ഹൗസുകൾ സർക്കാർ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സംസ്ഥാന സർക്കാരിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും നിരന്തരവും സമയോചിതവുമായ ഇടപെടലിലൂടെ കോടതി നിർദ്ദേശ പ്രകാരം മൂന്നാർ റസ്റ്റ് ഹൗസും ഭൂമിയും മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് 27/12/2018 ൽ തിരികെ പിടിച്ചു കഴിഞ്ഞു. |

വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് 03/01/2003-ൽ ശ്രീ.എം.എൻ.സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെ തുടർന്ന് 05/06/2007-ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 06/09/2008-ൽ ടി റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013-ന് 07/12/2015-ൽ വിധി വരുകയും ആയത് പ്രകാരം പൊതുമരാമത്തിന് കരാർ പ്രകാരമുള്ള കുടിശ്ശിക തുകയും, പലിശയും ചേർന്ന തുക നൽകുവാൻ ഉത്തരവുണ്ടാകുകയും ചെയ്തു. ടി വിധിക്കെതിരെ ശ്രീ.എം.എൻ. സതീഷ് എറണാകുളം ജില്ലാ കോടതിയിൽ ഫയൽ ചെയ്ത 17/2016-ാം നമ്പർ കേസ് നിലവിൽ നടന്നു വരികയാണ്. ടി കേസിന്റെ തുടർ നടപടികൾ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ഹൈക്കോടതിയിൽ 34540/2017-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ടി റസ്റ്റ് ഹൗസ് ക്യാന്റീൻ സൗകര്യത്തോടു കൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം, കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

ആലുവ റസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയും റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശ പ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയാണ്

സെക്ഷൻ ഓഫീസർ